(സി) കേന്ദ്രസഹായം ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക നൽകുമെന്ന് 27.03.2010-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്താണ് പാക്കേജ് പൂർണ്ണമായും നടപ്പാക്കാത്തത്. യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച ശമ്പളവും അക്കാദമിക വ്യവസ്ഥകളുമാണ് കേരളത്തിൽ നടപ്പാക്കുന്നത്.

(ഇ) 2010 ജൂൺ 18-ന് മാനവ വിഭവശേഷി മാന്ത്രാലയം വിളിച്ചു ചേർത്ത സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ ബഹു. വിദ്യാഭ്യാസ മന്ത്രി ഇതു സംബന്ധിച്ച് സമർപ്പിച്ച രേഖയുടെ പകർപ്പ് അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.*

(എഫ്) ഇല്ല

(ജി) ഉണ്ട്

(എച്ച്) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഐ) ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്.

ലൈബ്രേറിയൻമാർക്ക് യു.ജി.സി. സ്കെയിൽ

80 (3834) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ എത്ര ലൈബ്രേറിയൻമാർക്ക് യു.ജി.സി. സ്കെയിൽ അനുവദിച്ചിട്ടുണ്ട് ;

(ബി) ബാക്കിയുള്ള കോളേജുകളിൽ യു.ജി.സി. നൽകാത്തതിന് എന്ത് തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) എയ്ഡഡ് മേഖലയിലെ എത്ര കോളേജുകളിൽ ലൈബ്രേറിയൻ മാർക്ക് യു.ജി.സി. സ്കെയിൽ ശമ്പളം നൽകുന്നുണ്ട് ; ഇതിനുള്ള ഉത്തരവ് എന്നാണിറങ്ങിയത് ;

(ഡി) ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2 എഫ് കാറ്റഗറിയിൽ വരുന്ന ലൈബ്രേറിയൻമാർക്ക് യു.ജി.സി. ശമ്പള സ്കെയിൽ അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ&ബി) ലൈബ്രേറിയൻ ഗ്രേഡ് 1 തസ്തികയുള്ള 12 ആർട്സ് ആന്റ് സയൻസ് കോളേജുകളിലാണ് യു.ജി.സി. നടപ്പിലാക്കിയത്. 35 ലൈബ്രേറിയൻ മാർക്ക് ഇതു പ്രകാരം യു.ജി.സി. സ്കെയിൽ അനുവദിച്ചിട്ടുണ്ട്. മറ്റു ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലൈബ്രേറിയൻ ഗ്രേഡ് 1 തസ്തികയില്ലാത്തതിനാൽ യു.ജി.സി. സ്കീം നടപ്പിലാക്കുന്നത് പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജി.ഒ.(എം.എസ്) 50/08/ഉവിവ തീയതി 9-5-2008 ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജ് ലൈബ്രേറിയൻമാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി യു.ജി.സി. സ്കെയിൽ ശമ്പളം അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഉത്തരവിന് അനുസൃതമായി പ്രൊപ്പോസൽ സമർപ്പിക്കുന്ന ലൈബ്രേറിയൻ മാർക്ക് യു.ജി.സി. സ്കെയിൽ നൽകി വരുന്നു. (എണ്ണം വ്യക്തമാക്കപ്പെട്ടിട്ടില്ല.)

(ഡി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

കോളേജ് അദ്ധ്യാപകരുടെ എൻട്രി കേഡറിനുള്ള പ്രായപരിധി

81 (3835) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് അദ്ധ്യാപകരുടെ എൻട്രി കേഡറിനുള്ള പ്രായപരിധി സ്കൂൾ അദ്ധ്യാപകരുടെ എൻട്രി കേഡറിന് തുല്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഗേറ്റ്, യു.ജി.സി പരീക്ഷകൾക്കു വേണ്ടി സർക്കാർ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ കോളേജുകളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ എയ്ഡഡ് കോളേജ് ഉൾപ്പെടെ നികത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുമോ ;

(ഇ) ആർട്സ് വിഷയങ്ങളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുവാൻ ശ്രമിക്കുമോ ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം അദ്ധ്യാപകരുടെ എൻട്രി കേഡറിലെ ഉയർന്ന പ്രായപരിധി 35 വയസ്സാണ്. എന്നാൽ പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപെടുത്തിയതുമൂലം കോളേജുകളിൽ ഏഴു വർഷക്കാലം നിലനിന്നിരുന്ന നിയമനനിരോധനവും തുടർന്ന് പലകാരണങ്ങളാൽ നിയമനം നടത്താൻ കഴിയാതെ വന്ന സാഹചര്യങ്ങളും കണക്കിലെടുത്ത്, കോളേജ് അദ്ധ്യാപകരുടെ എൻട്രി കേഡറിലുള്ള ഉയർന്ന പ്രായപരിധി 1-1-2004 മുതൽ 31-12-2011 വരെ താത്ക്കാലികമായി 40 വയസ്സായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതല്ലാതെ, കോളേജ് അദ്ധ്യാപകരുടെ എൻട്രി കേഡറിനുള്ള പ്രായപരിധിക്ക് മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly